




## ١٥٥ ലിറ്റർ  കർണ്ണാടക മദ്യവുമായി രണ്ട് പേർ പിടിയിൽ

അനധികൃതമായി  കേരളത്തിലേക്ക് കടത്തിയ ١٥٥ ലിറ്റർ വിദേശ മദ്യം പോലീസ് പിടികൂടി. പത്തിരിപ്പാല , മണ്ണൂർ സ്വദേശികളായ ഇബ്രാഹിം വ ഃ 40, ഉസ്മാൻ വ ഃ27 എന്നിവരെ അറസ്റ്റു ചെയ്തു.

# ചെർപ്പുളശ്ശേരിയിൽ രണ്ടുപേർ അറസ്റ്റിൽ

# 100 ലിറ്റർ വിദേശമദ്യം പിടികൂടി

**ചെർപ്പുളശ്ശേരി▸** കർണാടകത്തിൽനിന്ന് കേരളത്തിലേക്ക് കടത്തിയ 100 ലിറ്റർ വിദേശമദ്യം ജില്ലാ അതിർത്തിയായ തൂതയിൽ ചെർപ്പുളശ്ശേരി പോലീസ് പിടികൂടി.

മദ്യം കടത്തിയതിന് പത്തിരിപ്പാല മണ്ണൂർ സ്വദേശികളായ മുണ്ടേച്ചേരി ഇബ്രാഹിം (40), മണിയങ്കോട് ഉസ്മാൻ (28) എന്നിവരെ അറസ്റ്റ് ചെയ്തു. ഇരുവരും ഡ്രൈവർമാരാണ്. രണ്ടുപേരെയും ഒറ്റപ്പാലം ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതി റിമാൻഡ് ചെയ്തു.

തൂതപ്പാലത്തിനടുത്ത് അടച്ചിടലിന്റെ ഭാഗമായി ചെർപ്പുളശ്ശേരി പോലീസും പാലക്കാട് ഡാൻസാഫ് സ്ക്വാഡും സംയുക്തമായി വെള്ളിയാഴ്ച പുലർച്ചെ ഒരുമണിയോടെ നടത്തിയ വാഹനപരിശോധനയിലാണ് മദ്യക്കടത്ത് പിടികൂടിയത്.



▶ ചെർപ്പുളശ്ശേരിയിൽ പിടികൂടിയ മിനിലോറിയിൽനിന്ന് കണ്ടെടുത്ത മദ്യശേഖരം

ഇബ്രാഹിം ഉസ്മാൻ

നിലമ്പൂരിൽനിന്നും കർണാടകയിലേക്ക് പച്ചക്കറി കയറ്റിപ്പോയ മിനിലോറി മടങ്ങിവരുമ്പോഴാണ് വിദേശമദ്യം കടത്തിയത്. വണ്ടിയുടെ അടിയിൽ രഹസ്യ അറകളിൽ ബാഗുകളിലായി സൂക്ഷിച്ച നിലയിലായിരുന്നു മദ്യക്കുപ്പികൾ.

ഒരു ലിറ്റർ, 750 എം.എൽ, 375 എം.എൽ, 180 എം.എൽ. എന്നീ നാല് അളവുകളിലുള്ള മദ്യക്കുപ്പികളാണ് പിടിച്ചെടുത്തത്.

കർണാടകയിൽ 400 രൂപയ്ക്ക് ലഭിക്കുന്ന ഒരുലിറ്റർ മദ്യം കേരളത്തിൽ 3,000 രൂപയ്ക്കാണ് വിറ്റഴിക്കുന്നത്. പാലക്കാട് നർകോട്ടിക് സെൽ ഡിവൈ.എസ്.പി. സി.ഡി. ശ്രീനിവാസൻ, ചെർപ്പുളശ്ശേരി എസ്.ഐ. അമീർ അലി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് മദ്യക്കടത്ത് പിടികൂടിയത്.

എസ്.സി.പി.ഒ. സജീഷ്, സി.പി.ഒ.മാരായ ഉമ്മർ, ശശിധരൻ, കൃഷ്ണകുമാർ, ഡ്രൈവർ എസ്.സി.പി.ഒ. ശങ്കരനാരായണൻ, ഹോംഗാർഡ് വിനോദ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ. സുനിൽകുമാർ, ആർ. കിഷോർ, ആർ. രാജീദ് എന്നിവരും സംഘത്തിലുണ്ടായിരുന്നു.

ലോക്ക് ഡൗണിനോടനുബന്ധിച്ച് പാലക്കാട് ഡാൻസാഫ് സ്ക്വാഡും , ചെർപ്പുളശ്ശേരി പോലീസും സംയുക്തമായി നടത്തിയ പ്രത്യേക വാഹന പരിശോധനയിലാണ് അനധികൃത മദ്യക്കടത്ത് പിടികൂടിയത്. മിനിലോറിയുടെ ബോഡിയുടെ അടിയിൽ ബാഗുകളിലാക്കി കെട്ടിവെച്ച നിലയിലാണ് മദ്യക്കുപ്പികൾ കണ്ടെത്തിയത്.

കർണ്ണാടകയിൽ 400 രൂപക്ക് ലഭിക്കുന്ന ഒരു ലിറ്റർ മദ്യം കേരളത്തിൽ 3000 രൂപക്കാണ് വിറ്റഴിക്കുന്നത്. ബാറും, ബിവറേജസ് ഔട്ട്ലറ്റ് കളും പൂട്ടിയതോടെ വലിയ തോതിലാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വിദേശമദ്യം ഒഴുകുന്നത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി R.വിശ്വനാഥ് IPSന്റെ നിർദ്ദേശത്തെത്തുടർന്ന് പാലക്കാട് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസൻ , ചെർപ്പുളശ്ശേരി ഇൻസ്പെക്ടർ അമീർ അലി SCPO സജീഷ് CPO മാരായ ഉമ്മർ, ശശിധരൻ, കൃഷ്ണകുമാർ , ഡ്രൈവർ SCPO ശങ്കരനാരായണൻ, ഹോം ഗാർഡ് വിനോദ് ,സൈബർ സെൽ SCPO വിനീത് ,ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ T. R. സുനിൽ കുമാർ, R. കിഷോർ, R. രാജീദ്, എന്നിവരടങ്ങിയ സംഘമാണ് മദ്യക്കടത്ത് പിടികൂടിയത്.

........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT